**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6417** **10-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. ആയുർവേദ ഡിസ്പെൻസറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ. യുടെ ആയുർവേദ ഡിസ്പെൻസറി തുടങ്ങാനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ ഇ.എസ്.ഐ ആയുർവേദ യൂണിറ്റ് തുടങ്ങുന്നതിനുള്ള പദ്ധതികൾ നിലവിലില്ല. |
| (ബി) | മലപ്പുറം ജില്ലയിലെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ആയുർവേദ ചികിത്സ ലഭിക്കണമെങ്കിൽ അന്യ ജില്ലകളിലെ ഇ.എസ്.ഐ. ആയുർവേദ യൂണിറ്റുകളെ ആശ്രയിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | ഇക്കാര്യത്തിൽ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ ആയുർവേദ ഇ.എസ്.ഐ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ഇ.എസ്.ഐ. ഗുണഭോക്താക്കളായ രോഗികൾ ചുരുങ്ങിയത് 60 കിലോമീറ്ററിലധികം ദൂരം സഞ്ചരിച്ചാൽ മാത്രമെ ഇതര ജില്ലകളിലുള്ള ആയുർവേദ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇക്കാര്യത്തിൽ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ ആയുർവേദ ഇ.എസ്.ഐ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | എങ്കിൽ രോഗികൾ അനുഭവിക്കുന്ന ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ മലപ്പുറം ജില്ലയിൽ ഒരു ആയുർവേദ ഇ.എസ്.ഐ. യൂണിറ്റ് സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഇക്കാര്യത്തിൽ പരാതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ ആയുർവേദ ഇ.എസ്.ഐ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ